# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1033

30.11.2018-ലെ മറുപടി

### കേരള ജല അതോറിറ്റിക്ക് ലഭിക്കാനുള്ള വെള്ളക്കരം കുടിശ്ശിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള ജല അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | 1584.29 കോടി രൂപ |
| (ബി) | പ്രസ്തുത തുക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ബി) | • സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനുള്ള അധികാരം എല്ലാ ഡിവിഷനുകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി.<br>• ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16.03.2018 ന് ചേർന്ന മീറ്റിംഗിലെ നിർദ്ദേശമനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശികയിൽ 24% വരുന്ന പിഴപലിശ 6% ആക്കി കുറച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>• കുടിശ്ശിക പിരിച്ചെടുക്കാൻ ഡിമാൻറ് നോട്ടീസ്, ഡിസ്കണക്ഷൻ നോട്ടീസ് എന്നിവ നൽകുകയും കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ റവന്യൂ ഓഫീസർ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ നേരിട്ട് പോയി കുടിശ്ശിക പിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് മാത്രമല്ല കുടിശ്ശിക തവണകളായിട്ട് അടയ്ക്ക |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | വാനുള്ള സൗകര്യം നൽകുകയും ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻ ക്യാംപെയ്നുകൾ സംഘടിപ്പിച്ച് കുടിശ്ശിക നിവാരണത്തിനായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും ചെയ്തു വരുന്നു.<br>• സർക്കാർ മേഖലയിലെ കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പു മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തി പിരിച്ചെടുക്കുന്നതോടൊപ്പം പത്രമാദ്ധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്ക് അറിയിപ്പുകൾ നൽകുകയും റവന്യൂ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സ്ക്വാഡ് തിരിച്ച് കുടിശ്ശിക പിരിക്കുകയും ചെയ്തു വരുന്നു.<br>• വാട്ടർ ചാർജ് സ്വീകരിക്കുന്നതിനുള്ള സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ച് ഉപഭോക്താക്കൾക്ക് പണം അടയ്ക്കുവാനുള്ള സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**